**ശ്രദ്ധക്ഷണിക്കൽ**

(1) ജീവൻരക്ഷാ മരുന്നുകളുടെ കസ്റ്റംസ് തീരുവ ഇളവ്

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഞാൻ വളരെ ഗൗരവമുള്ള ഒരു വിഷയമാണ് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. ഒരു ഭരണകൂടത്തിന് പൗരന്മാരോട്, പ്രത്യേകിച്ച് അങ്ങേയറ്റം കാരുണ്യവും പരിഗണനയും അർഹിക്കുന്ന പൗരന്മാരോട് എത്രത്തോളം ക്രൂരവും പൈശാചികവുമായി പെരുമാറാൻ സാധിക്കും എന്നതിനുള്ള ഏറ്റവും പുതിയ തെളിവാണ് 76 ജീവൻ രക്ഷാ ഔഷധങ്ങൾക്ക് ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിക്കൊണ്ടുള്ള നരേന്ദ്ര മോദി സർക്കാരിന്റെ വിജ്ഞാപനം. കാൻസർ, അമിത രക്തസ്രാവം, എയ്ഡ്സ് തുടങ്ങിയ മാരക രോഗങ്ങൾക്കുള്ള മരുന്നുകൾക്ക് അമിത വില നൽകേണ്ടിവരും. ലോകമെങ്ങും കാൻസർ ദിനം ആചരിച്ചതിന് തൊട്ടുപിന്നാലെയാണ് ...........

മി. സ്പീക്കർ: ശ്രീ. ടി. എൻ. പ്രതാപൻ, പ്ലീസ്....................

ശ്രീ. എസ്. ശർമ്മ: സർ, കഴിഞ്ഞ കുറച്ചുദിവസങ്ങളിലായി പ്രതിപക്ഷം ഉന്നയിച്ചുകൊണ്ടിരിക്കുന്ന അഴിമതി ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനോ പരിഹാരം കാണുന്നതിനോ മുന്നോട്ടുവരാത്ത ഗവൺമെന്റിന്റെ

നടപടികളിൽ പ്രതിഷേധിച്ചുകൊണ്ട് സഭാനടപടികളുമായി ഞങ്ങൾ സഹകരിക്കുന്നില്ലായെന്നുള്ള വിവരം അറിയിക്കുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് ബഹു. സ്പീക്കറുടെ ഡയസിനുതാഴെ അണിനിരന്നു.)

മി. സ്പീക്കർ: ശ്രീ. ടി. എൻ. പ്രതാപൻ, ശ്രദ്ധക്ഷണിക്കൽ ചുരുക്കി അവതരിപ്പിക്കുക.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, കാൻസർ ചികിത്സയ്ക്കായി ഇറക്കുമതി ചെയ്യുന്ന ഔഷധങ്ങളുടെ ഇറക്കുമതി ചുങ്കം 22 ശതമാനമാക്കി ഉയർത്തുക വഴി അതിന്റെ ഭാരം ആത്യന്തികമായി ചുമക്കേണ്ടിവരുന്നത് രോഗികളും അവരുടെ കുടുംബാംഗങ്ങളുമാണ്. ഓരോ വർഷവും നിരവധി പേർക്ക് പുതുതായി കാൻസർ ബാധ കണ്ടെത്തുന്ന ഒരു രാജ്യമാണ് നമ്മുടേത്. കീമോതെറാപ്പിക്കും റേഡിയേഷനുമുള്ള മരുന്നുകൾക്കുപോലും വില കുത്തനെ ഉയരുകയാണ്. പുതിയതായി ഇറക്കുമതി ചുങ്കം ചുമത്തിയിരിക്കുന്ന ഔഷധങ്ങളിൽ കാൻസർ ചികിത്സയ്ക്കുള്ള ഔഷധത്തിനുപുറമേ ഹൃദ്രോഗം, പ്രമേഹം, വൃക്ക രോഗങ്ങൾ, പാർക്കിൻസൺ, അസ്ഥിരോഗം, അണുബാധ എന്നിവയുടെ ചികിത്സയ്ക്കുള്ള മരുന്നുകൾക്കും വില വർദ്ധിച്ചിരിക്കുകയാണ്. ഇത് വളരെ ഗൗരവമുള്ള ഒരു

വിഷയമാണ്. ഈ വിഷയം അവതരിപ്പിക്കുമ്പോൾ പ്രതിപക്ഷം സഹകരിക്കാത്തതിൽ വളരെ ഖേദമുണ്ട്. ഇപ്പോഴത്തെ നിലയിൽ മരുന്നുവില വർദ്ധിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ആസന്ന ഭാവിയിൽത്തന്നെ നമ്മുടെ നാട്ടിലെ സാധാരണക്കാർക്ക് മരുന്ന് വാങ്ങാൻ സാധിക്കാതെ മരിക്കേണ്ട ഗതികേടുണ്ടാകും. ഭക്ഷണം വേണ്ടെന്ന് വയ്ക്കുന്നതുപോലെ മരുന്ന് വേണ്ടെന്ന് വയ്ക്കാൻ നമുക്ക് സാധിക്കില്ല. പട്ടിണി കിടന്നാൽപ്പോലും ജീവൻ രക്ഷിക്കാനും നിലനിർത്താനുമുള്ള പോരാട്ടത്തിലാണ് സാധാരണക്കാർ. അവരെ ഇരുട്ടിലേയ്ക്കും മരണത്തിലേയ്ക്കും നയിക്കുന്ന ഈ സമീപനം തിരുത്തേണ്ടത് അനിവാര്യമാണ്. മറ്റെല്ലാ വിഷയങ്ങളും താൽക്കാലികമായി മാറ്റിവച്ച്, നമ്മുടെ ഔഷധനയം തിരുത്തിക്കുന്നതിനുവേണ്ടിയുള്ള ഉത്തരവാദിത്വം ഈ നാട്ടിലെ മുഴുവൻ ജനപ്രതിനിധികൾക്കുമുണ്ട്. പ്രതിപക്ഷമുൾപ്പെടെയുള്ള എല്ലാ അംഗങ്ങളും അതിൽ സഹകരിക്കേണ്ടതാണ്. 76 ജീവൻ രക്ഷാ ഔഷധങ്ങളുടെ തീരുവ പിൻവലിച്ചത് നരേന്ദ്ര മോദി ഗവൺമെന്റിന്റെ ഏറ്റവും ഗുരുതരമായ വീഴ്ചയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷം പോലും ഇത് കാണുന്നില്ല എന്നുള്ളത് അങ്ങേയറ്റം ഖേദകരമാണ്. അയതിനാൽ സംസ്ഥാന ഗവൺമെന്റ് ഇതിൽ ഇടപെടുകയും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യണം. ഈ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തെ

എം.പി.മാരെ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്രത്തിനെതിരായ പ്രക്ഷോഭത്തിന് നേതൃത്വം നൽകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, രാജ്യത്തെ മരുന്നുകളുടെ വില നിശ്ചയിക്കുന്നതും നിയന്ത്രിക്കുന്നതും കേന്ദ്ര സർക്കാരാണ്. കേന്ദ്ര കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് വകുപ്പിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി വഴിയാണ് ഇത് ചെയ്യുന്നത്. കേന്ദ്ര ആക്ടായ ഡി.പി.സി.ഒ. എന്ന നിയമം വഴിയാണ് എൻ.പി.പി.എ. വിലനിയന്ത്രണം നടപ്പിലാക്കുന്നത്. ഡി.പി.സി.ഒ. ആക്ട് 1995 പ്രകാരം 74 ഇനം മരുന്നുകളുടെയും അവയുടെ വിവിധ കോമ്പിനേഷനുകളുടെയും വില മാത്രമാണ് എൻ.പി.പി.എ.യ്ക്ക് നിശ്ചയിക്കാൻ സാധിച്ചിരുന്നത്. മരുന്നുകളുടെ വില ഗണ്യമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ കൂടുതൽ മരുന്നുകൾ വില നിയന്ത്രണ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് കേരളം ആവശ്യപ്പെട്ടിരുന്നു. കേരളത്തിന്റെ ആവശ്യം കൂടി കണക്കിലെടുത്ത് യു.പി.എ. സർക്കാരിന്റെ കാലത്ത് എൻ.പി.പി.എ. വില നിയന്ത്രണ പട്ടികയിലുള്ള അവശ്യ മരുന്നുകളുടെ എണ്ണം 348 ആയി വർദ്ധിപ്പിച്ചു. 2013-ലെ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ബോർഡ് വഴി പ്രസ്തുത വില നിയന്ത്രണം ജൂലൈ 2013-മുതൽ

നടപ്പിലാക്കിവരുന്നു. വിപണിയിൽ പുതുക്കിയ നിരക്കിലുള്ള മരുന്നുകളുടെ ലഭ്യത ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തരം ഉറപ്പാക്കുന്നുണ്ട്. 348 ഇനം മരുന്നുകൾക്ക് പുറമെയുള്ളവയ്ക്ക് പഴയ വിലയെക്കാളും പത്ത് ശതമാനം വില വർദ്ധനവ് നടത്തുവാൻ മരുന്ന് കമ്പനികൾക്ക് എൻ.പി.പി.എ.യുടെ അനുവാദം വേണം. അതായത് പത്ത് ശതമാനത്തിൽ കൂടുതൽ വില വർദ്ധിപ്പിക്കാൻ പാടില്ലായെന്നതാണ്. 2012 മാർച്ച് മുതൽ കേന്ദ്ര സർക്കാർ 76 ഇനം മരുന്നുകൾക്ക് അനുവദിച്ചിരുന്ന ഇറക്കുമതി തീരുവ ഇളവ് സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആന്റ് കസ്റ്റംസ് 28.01.2016-ലെ കസ്റ്റംസ് നം. 6/2016 നോട്ടിഫിക്കേഷൻ വഴി കേന്ദ്ര സർക്കാർ പിൻവലിച്ചു. ഇതിൽ 61 ഇനം മരുന്നുകൾക്ക് 5% ഇറക്കുമതി തീരുവ വർദ്ധനവ് വന്നിട്ടുണ്ട്. ബാക്കി 15 ഇനം മരുന്നുകൾക്ക് ഇറക്കുമതി തീരുവ ഇല്ലായിരുന്നു. ഈ 76 ഇനം മരുന്നുകളിൽ 41 എണ്ണം കേന്ദ്ര സർക്കാരിന്റെ എൻ.ഡി.പി.എ.യുടെ വില നിയന്ത്രണ പട്ടികയിൽ ഉൾപ്പെടുന്നവയാണ്. അതിനാൽ പ്രസ്തുത മരുന്നുകൾക്ക് വില വർദ്ധിപ്പിച്ച് അമിത വിലയ്ക്ക് വിൽപ്പന നടത്തുവാൻ സാധിക്കുകയില്ല. ബാക്കി 35 ഇനം മരുന്നുകളിൽ ചിലത് ആന്റി ക്യാൻസർ മരുന്നുകൾ, ആന്റിബയോട്ടിക്കുകൾ, ഹൃദ്രോഗത്തിനുള്ള മരുന്നുകൾ, ആന്റി വൈറൽ തുടങ്ങിയ ജീവൻരക്ഷാ മരുന്നുകളിൽ ഉൾപ്പെടുന്നതാണ്. കസ്റ്റംസിന്റെ തീരുമാന പ്രകാരം ഈ

ഇനങ്ങളുടെ വില വർദ്ധിക്കാൻ സാധ്യതയുണ്ട്. ഹീമോഫീലിയ ചികിത്സയ്ക്കുള്ള മരുന്നുകൾ വില നിയന്ത്രണപ്പട്ടികയിൽ ഉൾപ്പെടുന്നതിനാൽ ഇറക്കുമതി തീരുവയിലെ മാറ്റം പ്രസ്തുത മരുന്നിന്റെ വിലയിൽ ബാധകമാകുന്നില്ല. ഇത് ആഭ്യന്തര ഉത്പ്പാദനം കുറഞ്ഞ മരുന്നായതിനാൽ ഇറക്കുമതി കുറയുവാൻ സാധ്യതയുണ്ട്. അതുകൊണ്ട് ക്ഷാമം അനുഭവിക്കുന്നതിനുള്ള സാധ്യതയുണ്ട്. കേരളത്തിലെ ഇക്കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കേന്ദ്രമന്ത്രിക്ക് ഞാൻ കത്തയച്ചിട്ടുണ്ട്. ഇതിന്റെ ചുമതല വഹിക്കുന്ന കേന്ദ്ര കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് മന്ത്രി ശ്രീ. ആനന്ദ് കുമാറിന് കത്തയച്ചിട്ടുണ്ട്. 20-ാം തീയതി ആലപ്പുഴയിൽ അദ്ദേഹവുമായിട്ടുള്ള ഒരു പരിപാടിയിൽ ഞാനും പങ്കെടുക്കുന്നുണ്ട്. ഈ കാര്യത്തെക്കുറിച്ച് വളരെ ശക്തമായിട്ടുതന്നെ അദ്ദേഹത്തിന് നിവേദനം സമർപ്പിക്കുന്നതാണ്. സംസ്ഥാനത്ത് മരുന്നുവിലകൾ വർദ്ധിച്ച സാഹചര്യത്തിൽ ബ്രാന്റഡ് മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ടി 35 കാരുണ്യ ഫാർമസികൾ തുടങ്ങുന്നതിനാണ് തീരുമാനിച്ചതെങ്കിലും 51 കാരുണ്യ ഫാർമസികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സൗജന്യ ചികിത്സയ്ക്ക് വിവിധങ്ങളായ പദ്ധതികളുണ്ട്. പക്ഷേ കേരള ഗവൺമെന്റ് 300 കോടി രൂപയാണ് ഓരോ വർഷവും സൗജന്യമായി മരുന്ന് വിതരണത്തിന് നൽകുന്നത്. പക്ഷേ ഈ

കാര്യങ്ങളൊക്കെയുണ്ടെങ്കിലും വില നിശ്ചയിക്കുന്നത് കേന്ദ്ര ഗവൺമെന്റായതുകൊണ്ട് കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തുകയാണ്.

മി. സ്പീക്കർ: സബ്മിഷനുകൾ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രിമാർ സബ്മിഷനുള്ള മറുപടി അംഗങ്ങൾക്ക് കൊടുക്കേണ്ടതാണ്.